ബസ് ചാർജ്ജ് വർദ്ധനവ് പുനഃപരിശോധിക്കാൻ നടപടി

324 (2199) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് സംസ്ഥാനത്തെ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ് ബസുകളിലെ മിനിമം നിരക്കും സഞ്ചരിക്കാവുന്ന ദൂരവും എത്രയായിരുന്നു ; ഓരോ വിഭാഗത്തിലും കിലോമീറ്ററിന് എത്ര രൂപയായിരുന്നു നിരക്ക് ; ഫെയർ സ്റ്റേജ് നിശ്ചയിച്ചിരുന്നോ ; ഉണ്ടെങ്കിൽ ഫെയർ സ്റ്റേജ് നിരക്ക് എത്ര വീതമായിരുന്നു ; അന്നത്തെ ഡീസൽ/പെട്രോൾ വില ലിറ്ററിന് എത്ര രൂപയായിരുന്നു ; അന്ന് അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വില എത്രയായിരുന്നു ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ ബസ് ചാർജ്ജുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട് ; ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്ര വീതമാണ് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; വർദ്ധനവ് വരുത്തിയതിന്റെ കാരണം വിശദമാക്കാമോ ; ഈ ഓരോ വർദ്ധനവ് വരുത്തിയപ്പോഴും പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപയായിരുന്നു ; ഈ സമയങ്ങളിൽ അസംസ്കൃത എണ്ണയുടെ വില എത്രയായിരുന്നു ;

(സി) ഏറ്റവുമൊടുവിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ ഉള്ള ഡീസൽ/ പെട്രോൾ വില ലിറ്ററിന് എത്രയാണ് ; ചാർജ്ജ് വർദ്ധന നടപ്പിലാക്കിയശേഷം പെട്രോൾ/ഡീസൽ വിലയിൽ എത്ര തവണ മാറ്റം വന്നിട്ടുണ്ട് ; ഓരോ തവണയും വന്ന മാറ്റങ്ങൾ എന്തൊക്കെ ;

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ ചാർജ്ജ് വർദ്ധനവ് വില കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഫെയർ സ്റ്റേജിനു പകരം മിനിമം ചാർജ്ജ് ഫിക്സ് ചെയ്ത് കിലോമീറ്ററിന് ആനുപാതികമായ നിരക്ക് നിശ്ചയിക്കുകയും പെട്രോൾ/ഡീസൽ വില കുറയുന്നതനുസരിച്ച് ബസ് ചാർജ്ജുകളിൽ ആനുപാതിക കുറവു വരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിരക്കും സഞ്ചരിക്കാവുന്ന ദൂരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഫെയർ സ്റ്റേജുകളിൽ മാറ്റം വരുത്തിയിരുന്നില്ല. ആയതിനാൽ സ്റ്റേജുകൾ തമ്മിലുള്ള നിരക്കിൽ ഫെയർ റിവിഷൻ മൂലമുള്ള വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഡീസൽ വില ലിറ്ററിന് 40.49 രൂപയായിരുന്നു. അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വില ബാരലിന് 108.33 ഡോളർ ആയിരുന്നു.

(ബി) മൂന്ന് തവണ. ഓരോ തവണയും വരുത്തിയ വർദ്ധനവിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇന്ധനവില, സ്പെയർ പാർട്സ്, ലൂബ്രിക്കന്റ്സ്, ജീവനക്കാരുടെ ആനുകൂല്യങ്ങൾ, മറ്റ് ചെലവുകൾ എന്നിവയിലുണ്ടായ വർദ്ധനവിന്റെ വെളിച്ചത്തിലാണ് സ്റ്റേജ് ക്യാരേജുകളുടെ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത്. താഴെപ്പറയും പ്രകാരമായിരുന്ന ഡീസൽ വില നിലവാരം.

ഡീസൽ വില ലിറ്ററിന് :

8-8-2011-ൽ	43.73 രൂപ
11-11-2012-ൽ	48.73 രൂപ
20-5-2014-ൽ	60.88 രൂപ

അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വില ബാരലിന് :

8-8-2011-ൽ	103.04 ഡോളർ
11-11-2012-ൽ	107.63 ഡോളർ
20-5-2014-ൽ	107.39 ഡോളർ

(സി) ഏറ്റവുമൊടുവിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത് 20-5-2014-ൽ ആയിരുന്നു. അന്ന് ഡീസൽ വില ലിറ്ററിന് 60.88 രൂപയായിരുന്നു. ആയതിനുശേഷം ഡീസൽ വിലയിൽ പ്രതി ലിറ്ററിന് വന്ന മാറ്റം താഴെ പറയും പ്രകാരമാണ് :

1-6-2014-ൽ	61.49 രൂപ
1-7-2014-ൽ	62.12 രൂപ
1-8-2014-ൽ	62.72 രൂപ
31-8-2014-ൽ	63.32 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

19-10-2014-ൽ	59.72 രൂപ
30-10-2014-ൽ	60.33 രൂപ
1-11-2014-ൽ	57.96 രൂപ
19-11-2014-ൽ	58.45 രൂപ
1-12-2014-ൽ	57.33 രൂപ

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ, സ്പെയർപാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതമായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത ശേഷമാണ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

എടത്വ ഡിപ്പോയിൽ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

325 (2200) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെയർ പാർട്സുകൾ ലഭിക്കാതെ എടത്വാ ഡിപ്പോയിൽനിന്നും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം ഷെഡ്യൂളുകളാണ് ഈ വർഷം നാളിതുവരെ റദ്ദ് ചെയ്തതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2-12-2014-ലെ കണക്കനുസരിച്ച് 5 ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടുണ്ടായിരുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം യഥാസമയം പണം കൊടുത്തു തീർക്കാത്തതിനാൽ സ്പെയർ പാർട്സ് ലഭ്യമാക്കുന്നതിൽ ചെറിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് സ്പെയർ പാർട്സ് യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എത്രയും പെട്ടെന്ന് സ്പെയർ പാർട്സ് ക്ഷാമം പരിഹരിച്ച് വാഹനങ്ങളുടെ ഓഫ്-റോഡ് അനുവദനീയമായ പരിധിക്കുള്ളിൽ നിലനിർത്തുന്നതാണ്.

(ബി) കുട്ടനാട്ടിലേക്കുള്ള 05.00 മണി മുട്ടാർ-ആലപ്പുഴ, 6.50 മണി തായങ്കരി-ആലപ്പുഴ, 7.00 മണി കളങ്ങര-ആലപ്പുഴ എന്നീ മൂന്ന് സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly